നിന്നുള്ള എം.പി.മാരോട് സംയുക്തമായി ചെറുത്തുനിൽപ്പ് സംഘടിപ്പിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

21 (*77) നെൽകൃഷി വികസന നടപടി

ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എ. കണാരൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനെപ്പറ്റി പഠിക്കാൻ നിയോഗിച്ച കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) നല്ലയിനം വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഇ) നെല്ലിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) നെല്ലുൽപ്പാദനം ഹെക്ടറിന് ശരാശരി എത്രകിലോ ആയി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ജി) ഈ ലക്ഷ്യം നേടാൻ ഇതിനകം എന്തൊക്ക നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)&(ബി) നെൽകൃഷി ലാഭകരവും ആകർഷകവുമാക്കി വികസിപ്പിക്കുന്നതിന് പല നടപടികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. നെൽകൃഷി സാധ്യതയുള്ള പ്രദേശങ്ങളെ കേന്ദ്രമാക്കി 11 നെൽകൃഷി വികസന ഏജൻസികൾ രൂപീകരിച്ച് അതിന്റെ പരിധിയിലുള്ള സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 13 കോടി രൂപ നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം 10 കോടി രൂപ ഏജൻസികൾക്കും വിവിധ പാടശേഖരങ്ങൾക്കുമായി നൽകിയിട്ടുണ്ട്. തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണം വ്യാപകമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷികോപകരണങ്ങൾ, ഉൽപ്പാദനോപാധികൾ എന്നിവ സൗജന്യ നിരക്കിൽ നൽകിവരുന്നുണ്ട്. നെൽകൃഷിയ്ക്ക് പൂർണ്ണമായും വൈദ്യുതി സൗജന്യം നൽകിയിട്ടുണ്ട്. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പുനരാവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷിരംഗത്തെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും പഠിക്കാനായി വിദഗ്ധ സമിതിയെ നിയമിക്കുകയുണ്ടായി. സമിതിയുടെ ശുപാർശകൾ സർക്കാർ പഠിച്ചുവരുന്നു. നെൽകൃഷി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഒരു പാഡി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികളുമായിട്ടുണ്ട്. ഒരു പ്രാദേശിക വിത്തു നയത്തിനും വിള പരിപാലന പദ്ധതിക്കും രൂപം

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ നെല്ലിന് നല്ല വില ലഭ്യമാക്കുന്നതിന് നെല്ല് സംഭരണ-വിപണനവും നടത്തുന്നുണ്ട്. ഇതിലേയ്ക്കായി മൂന്ന് മോഡേൺ റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) റിപ്പോർട്ട് പഠിച്ചു വരുന്നു.

(ഡി) കാർഷിക സർവ്വകലാശാല ഗവേഷണത്തിലൂടെ വികസിപ്പിച്ച് എടുക്കുന്ന അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രങ്ങളിലൂടെ വർദ്ധിപ്പിച്ച് തിട്ടപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട രജിസ്റ്റേർഡ് സീഡ് ഗ്രോവേഴിസിലൂടെ വിതരണം ചെയ്യുന്നു. ഒരു സീഡ് അതോറിറ്റി രൂപീകരിക്കുവാനും നടപടികളായിട്ടുണ്ട്.

(ഇ) ഓരോ സ്ഥലത്തിനും അനുയോജ്യമായ വിത്തിനങ്ങൾ കണ്ടെത്തി പ്രയോഗിച്ചും മറ്റ് ഉൽപാദനോപാധികൾ ഗുണകരമായി പ്രയോഗിച്ചും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) നെല്ലുൽപ്പാദനം ഹെക്ടറിന് ശരാശരി 5000 കിലോ ആയി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ജി) ഈ ലക്ഷ്യം നേടുന്നതിന്റെ ഭാഗമായിട്ടാണ് ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പുനരുജ്ജീവിപ്പിച്ച് നടപ്പിലാക്കാൻ ഉത്തരവായത്. ആദ്യഘട്ടമായ വിത്തുൽപ്പാദനം ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് കേന്ദ്രമാക്കി നടപ്പിലാക്കി വരുന്നു.

22 (*78) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ കൺസഷൻ കൗണ്ടറുകളുടെ പ്രവർത്തനം

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ഇ.റ്റി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകളിൽ കാന്റീൻ നടത്തുന്ന കരാറുകാർ യാത്രക്കാരിൽ നിന്നും ഭക്ഷണ സാധനങ്ങൾക്ക് അമിത വില ഈടാക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭക്ഷണ സാധനങ്ങൾക്കുള്ള വില കരാർ സമയത്ത് നിശ്ചയിച്ചു കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അമിതവില ഈടാക്കുന്നത് കണ്ടുപിടിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ, ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ നടപടി കൈക്കൊള്ളുമോ;

(ഡി) അന്യായമായി വില ഈടാക്കുന്നതും പഴകിയ സാധനങ്ങൾ വിൽക്കുന്നതും കണ്ടു പിടിച്ച് കുറ്റക്കാരുടെ കരാർ റദ്ദു ചെയ്യാനും അവരെ ശിക്ഷിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. നീലലോഹിതദാസൻ നാടാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly